(ബി) സംസ്ഥാനത്തിന്റെ നിർമ്മാണ മേഖലയെ ആകെ സ്തംഭിപ്പിക്കുന്ന ഇത്തരം പ്രവർത്തനം നിർത്തലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽ വരുന്നപക്ഷം ഉചിതമായ നിർദ്ദേശം നൽകുന്നതാണ്.

മണൽ കടത്ത് തടയുന്നതിന് നടപടി

12 (4616) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് മണൽ കള്ളക്കടത്ത് തടയുന്നതിന് ആഭ്യന്തര വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ?

ഉത്തരം

മണൽ കള്ളക്കടത്ത് സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ മൈനിംഗ് മിനറൽ ഡിസാസ്റ്റർ റെഗുലേഷൻ ആക്ട് (MMDR Act), കേരള പ്രൊട്ടക്ഷൻ റെഗുലേഷൻ റിവർ ബാങ്ക് ആക്ട് (KPRRB Act), കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് (KAAPA Act) എന്നീ നിയമങ്ങൾ പ്രകാരം ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

നിരത്തുകളിൽ സിനിമാ-സീരിയൽ ഷൂട്ടിംഗ് നിയന്ത്രിക്കാൻ നടപടി

13 (4617) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകൽ സമയങ്ങളിൽ തിരക്കുള്ള ദേശീയ പാതകളുൾപ്പെടെയുള്ള നിരത്തുകളിൽ സിനിമാ-സീരിയൽ ഷൂട്ടിംഗ് നടത്തുന്നത് ട്രാഫിക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഷൂട്ടിംഗുകൾ നടത്തുന്നതിന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ മുൻകൂർ അനുമതി വാങ്ങണമെന്ന നിർദ്ദേശം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരക്കുള്ള നിരത്തുകളിൽ പകൽ സമയത്ത് ഇത്തരം സിനിമാ-സീരിയൽ ഷൂട്ടിംഗ് നടത്തുന്നത് നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) മുൻകൂർ അനുമതി വാങ്ങാറുണ്ട്. ഗതാഗത തടസ്സം ഉണ്ടാകാവുന്ന ഷൂട്ടിംഗുകൾക്ക് പോലീസ് അനുമതി നൽകാറില്ല.

ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി

14 (4618) ശ്രീ. എം. ഉമ്മർ :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ദേശീയ നിയമ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി സർക്കാർ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എങ്ങനെയാണ് ഫണ്ട് ശേഖരണം നടത്തുന്നത് ;

(ഡി) നഷ്ടപരിഹാരം ഏതെല്ലാം ഇനങ്ങൾക്കാണ് നൽകുന്നതെന്നും എത്ര തുക വീതമാണ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-12-2009-ൽ നിലവിൽ വന്ന 2008-ലെ ക്രിമിനൽ നടപടിക്രമ സംഹിത (ഭേദഗതി) നിയമ പ്രകാരം ക്രിമിനൽ കേസുകളിൽ കഷ്ട നഷ്ടങ്ങൾ നേരിടുന്ന വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള 357A എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തിട്ടുണ്ട്. കഷ്ടനഷ്ടങ്ങൾക്കിരയാകുന്ന വ്യക്തികൾക്കോ അവരുടെ രക്ഷിതാക്കൾക്കോ നിയമപരമായ അവകാശികൾക്കോ നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രസർക്കാരുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കണമെന്ന് സെക്ഷൻ 357A പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനു കോടതി ശുപാർശ ചെയ്തു കഴിഞ്ഞാൽ ജില്ല/സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റികളാണ് നൽകേണ്ട നഷ്ടപരിഹാരത്തിന്റെ അളവ് നിശ്ചയിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly